## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4793 23.07.2015-ൽ മറുപടിയ്ക്ക്

### സ്റ്റുഡന്റ് ഡോക്ടർ പദ്ധതി

ചോദ്യം
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.കെ.മുരളീധരൻ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

മറുപടി
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്കായി സ്റ്റുഡന്റ് ഡോക്ടർ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) | 2013-14 അദ്ധ്യയന വർഷം വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്റ്റുഡന്റ് ഹെൽത്ത് എഡ്യുക്കേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത്; | ബി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ആരോഗ്യ പരിപാലനം, പ്രഥമ ശുശ്രൂഷ, വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം, കുടിവെള്ള പരിപാലനം, ജീവിത ശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻപരാഗ്, പാൻമസാല, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നിവകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് പരിശീലനം നൽകി, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ മറ്റു വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ സങ്കേത ങ്ങളിലും ആരോഗ്യ പരിപാലന ബോധവൽക്കരണ ക്ലാസ്സുകൾ |

| | | | |
|---|---|---|---|
| | | | നടത്തുകയും ചെയ്യുകയാണ് സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ആലപ്പുഴ ഗവണ്മെന്റ് റ്റി.ഡി. മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ പരിശീലനം നൽകി കുടുംബശ്രീ, ആരോഗ്യ വകുപ്പ് എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. |
| സി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതി 2013-14 വർഷം നടപ്പിലാക്കുന്നതിനായി 4,75,000/-രൂപ അനുവദിയ്ക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ